# കേരള സർവകലാശാല

നം.പി.ആർ.97a/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### കേരള സർവകലാശാലയുടെ ഹരിതാലയം പദ്ധതി സംസ്ഥാനത്തിന് മാതൃക :മുഖ്യമന്ത്രി

സംസ്ഥാനത്തിന് തന്നെ മാതൃകയാണ് കേരള സർവകലാശാലുയുടെ ഹരിതാലയം പദ്ധതിയെന്ന് മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ. കേരളത്തിന്റെ മാതൃസർവകലാശാല എന്ന നിലയിൽ വിഭാവനം ചെയ്ത ഈ സമഗ്ര കാർഷിക പദ്ധതി വിദ്യാർത്ഥികൾക്കും ചെറുപ്പക്കാർക്കിടയിലും കൃഷിയോടും കാർഷിക പ്രവർത്തനങ്ങളോടും താൽപര്യം വളർത്തിയെടുക്കാനും കൃഷിയിലേക്ക് ആകർഷിക്കാനും സഹായിക്കുന്ന ഒന്നാണെന്നും മുഖ്യമന്ത്രി തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. കേരളത്തിന്റെ കാർഷിക മേഖല യിൽ സ്വയം പര്യാപ്തത കൈവരിക്കാൻ വിഭാവനം ചെയ്തിട്ടുള്ള സുഭിക്ഷകേരളം പദ്ധ തിക്ക് അക്കാദമിക രംഗം കൈകോർക്കുന്നത് മാതൃകാപരമായ കാര്യമാണ്. ഹരിതാലയം ആ ദിശയിലുള്ള ഒരു ഇടപെടലാണെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. 'ജൈവവൈവിധ്യം സംരക്ഷിക്കുക' എന്ന ആശയമാണ് ഈ വർഷത്തെ പരിസ്ഥിതി ദിനം മുന്നോട്ടു വെയ്ക്കുന്നത്. ഇത് ആദ്യമായല്ല കേരള സർവകലാശാല സംസ്ഥാനത്തിനൊന്നാകെ മാതൃകയാകുന്നത്. 2018 ലേ പ്രളയക്കെടുതിക്ക് കൈത്താങ്ങായി 6.62 കോടി രൂപയാണ് മുഖ്യമന്ത്രിയുട ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നല്കിയതെന്നും മുഖ്യമന്ത്രി കൂട്ടി ചേർത്തു.

പഠനം ക്ലാസ്മുറിയിൽ മാത്രമല്ല മണ്ണിലും വിശാലമായ കാമ്പസിലുമായ് നടക്കേണ്ട ഒരു പ്രക്രിയയാണെന്ന് ജൈവവൈവിദ്ധ്യ സംരക്ഷണ കേന്ദ്രത്തിന്റെ പുതിയ മന്ദിരം ഉദ്ഘാടനം നടത്തിയ സർവകലാശാല പ്രോ-ചാൻസലറും ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുമായ ഡോ.കെ.ടി ജലീൽ അഭിപ്രായപ്പെട്ടു. പ്രതിസന്ധികൾ അവസരമായി മാറ്റുക യാണ് ശാസ്ത്രലോകം ചെയ്യേണ്ടതെന്നും അതാണ് സർവകലാശാല ഹരിതാലയത്തി ലൂടെ നടപ്പിലാക്കിയതെന്നും കൃഷി വകുപ്പ് മന്ത്രി അഡ്വ.വി.എസ് സുനിൽകുമാർ അഭി പ്രായപ്പെട്ടു. കാമ്പസിലെ 20 ഏക്കറിൽ കൃഷിചെയ്ത് ലഭിക്കുന്ന നെല്ലിനം സർവകലാ ശാലയുടെ വിത്താക്കി മാറ്റുവാനുമാണ് ലക്ഷ്യം വെയ്ക്കുന്നത്. ഉപഭോക്തൃസംസ്ഥാന

മായ കേരളത്തെ ഭക്ഷ്യധാന്യങ്ങളുടെ സ്വയം പര്യാപ്തതയിൽ എത്തിക്കുക എന്നതാണ് കൃഷി വകുപ്പ് വിഭാവനം ചെയ്യുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കാമ്പസിലെ അക്കേഷ്യമരങ്ങൾ മുഴുവൻ നീക്കം ചെയ്യാനുള്ള സർവകലാശാലയുടെ തീരുമാനത്തെ തന്റെ പ്രസംഗത്തിൽ അഭിനന്ദിക്കുകയും ചെയ്തു.

ഭക്ഷ്യക്ഷാമം ഉണ്ടാകാതിരിക്കാനുള്ള നിലപാടാണ് സർക്കാർ കൈക്കൊള്ളുന്ന തെന്നും അതിന്റെ ഭാഗമായി മുന്നോട്ടുവെച്ച കാർഷിക പദ്ധതികൾ ജനങ്ങൾ ഒന്നാകെ ഏറ്റെടുത്തിട്ടുണ്ടെന്നും സഹകരണം ടൂറിസം ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ അഭിപ്രായപ്പെട്ടു. അതുപോലെ ഒരു നല്ല ശതമാനം ചെറുപ്പക്കാർക്കിടയിലും കൃഷി ഒരു നല്ല തൊഴിലായി കണക്കാക്കുന്നു എന്നുള്ളത് ഒരു ശുഭസൂചകമാണെന്നും കൃഷിയിലൂ ടെയും സാമ്പത്തിക സുസ്ഥിരത കൈവരിക്കാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു. ആ ചിന്താഗതി വളർത്തുന്നതിന് വിദ്യഭ്യാസമേഖലയുടെ പങ്ക് വളരെ വലുതാണെന്നും അതിന് ഹരിതാലയം പദ്ധതി സഹായകമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കുട്ടികളെ കാർഷികവൃത്തിയിലേക്ക് ആകർഷിക്കുന്നതിന് വേണ്ട പദ്ധതി സർവകലാശാല തയ്യാറാ ക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

സർവകലാശാലയ്ക്ക് ആവശ്യമുള്ള വൃക്ഷത്തൈകൾ ഇനിയും നൽകി സഹായി ക്കാൻ വകുപ്പുകൾ തയ്യാറാണെന്നും വനം വകുപ്പ് മന്ത്രി അഡ്വ.കെ.രാജു അറിയിച്ചു. വൃക്ഷത്തൈകൾ വളർത്തുന്നതിനുവേണ്ടി പ്ലാസ്റ്റിക് ഇതര ഉത്പന്നത്തിന് രൂപം നല്കാൻ സർവകലാശാല ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഹരിതാലയം കാർഷിക പദ്ധതിയിൽ സർവകലാശാലയിലെ തരിശ് കിടന്ന 20 ഏക്ക റിൽ നെൽക്കൃഷി, 5 ഏക്കറിൽ പച്ചക്കറി–കിഴങ്ങുവർഗ്ഗ കൃഷി, 5000 ഓളം ഫലവൃക്ഷ തൈകൾ നട്ടുപിടിപ്പിക്കൽ, 5 ഏക്കറിൽ ആൻഡമാൻ നിക്കോബാർ ദ്വീപ സമൂഹത്തിൽ നിന്നും ശേഖരിച്ച അപൂർവയിനം വാണിജ്യ പ്രാധാന്യമുള്ള സസ്യങ്ങളുടെ ഉദ്യാനം, ആയിരം തെങ്ങിൻ തൈകൾ നട്ടുവളർത്തുന്ന പദ്ധതി, മത്സ്യക്കൃഷി എന്നിങ്ങനെ വിവിധ കാർഷിക പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

കാര്യവട്ടം കാമ്പസിൽ നടന്ന ഉദ്ഘാടന പരിപാടിയ്ക്ക് ബഹു.സർവകലാശാല വൈസ് ചാൻസലർ പ്രൊഫ.(ഡോ.)വി.പി.മഹാദേവൻപിള്ള അദ്ധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗങ്ങളായ അഡ്വ.കെ.എച്ച് ബാബുജാൻ സ്വാഗതവും അഡ്വ.എ.അജികു മാർ നന്ദിയും പറഞ്ഞു. ചടങ്ങിൽ തിരുവനന്തപുരം നഗരസഭ മേയർ ശ്രീ.കെ.ശ്രീകുമാർ ആശംസ അറിയിച്ചു. കാര്യവട്ടം കാമ്പസിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം വിഡിയോകോൺഫറൻസിങ്ങിലൂടെയാണ് മുഖ്യമന്ത്രി നിർവ്വഹിച്ചത്. മുഖ്യമന്ത്രിക്ക് പ്രോ–വൈസ് ചാൻസലർ ആൻഡമാൻ നിക്കോബാർ ദ്വീപ സമൂഹത്തിൽ നിന്നും കൊണ്ടുവന്ന വിശേഷമായ വൃക്ഷത്തൈ നൽകി സ്വാഗതം ചെയ്തു.

(ഫോട്ടോ ഉൾപ്പെടുത്തിയിട്ടുണ്ട്)

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം**
05.06.2020

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**